പതിമൂന്നാം കേരളനിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5094 — 30.06.2014 ലെ അന്തിമ മറുപടി

ക്ലീൻകാമ്പസ് സേഫ്കാമ്പസ് പദ്ധതിയുമായി ബന്ധപ്പെട്ട ലഹരിവേട്ട

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീമതി കെ.എസ്. സലീഖ | | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) ഈ സർക്കാർ നടപ്പിലാക്കുന്ന ക്ലീൻകാമ്പസ് സേഫ്കാമ്പസ് പദ്ധതിയുടെ രൂപരേഖ എന്താണെന്ന് വ്യക്തമാക്കുമോ; | (എ) | സ്കൂൾ കോളേജ് വിദ്യാർത്ഥികളെ ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന ലഹരി മാഫിയകളെ ഇല്ലാതാക്കുക, വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപഭോഗവും, പ്രചരണവും ഇല്ലാതാക്കുക, ലഹരി വസ്തുക്കളുടെ ദൂഷ്യഫലങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തുക, ലഹരി രഹിതവും സുരക്ഷിതവുമായ ക്യാംപസ് അന്തരീക്ഷം സൃഷ്ടിക്കുക അതുവഴി ആരോഗ്യവും, അച്ചടക്കവും, രാജ്യസ്നേഹവും സാമൂഹ്യബോധവുമുള്ള ഒരു പുതുതലമുറയെ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തിൽ അധിഷ്ഠിതമായാണ് ഈ പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയിരിക്കുന്നത്. |
| (ബി) നിലവിൽ സ്കൂളുകളും പരിസരങ്ങളും പോലീസ് പരിശോധിക്കുന്നുവെങ്കിലും ലഹരിമരുന്നു വില്പനക്കാരുടെ താവളങ്ങളായ പ്രൊഫഷണൽകോളേജുകൾ,സർവ്വകലാശാലയും അനുബന്ധസ്ഥാപനങ്ങളും, തിയേറ്ററുകൾ, പാർക്കുകൾ, റയിൽവേസ്റ്റേഷനുകൾ, ബസ് സ്റ്റാൻഡുകൾ തുടങ്ങിയ സ്ഥലങ്ങളിൽ അന്വേഷണം വ്യാപിപ്പിക്കാനും, വില്പനക്കാരെ കണ്ടെത്തി ശിക്ഷ നൽകാനും എന്തുനടപടികൾ നാളിതുവരെ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; | | സ്കൂൾ കോളേജ് പരിസരങ്ങളിൽ റെയിഡുകൾ നടത്തി കേസുകൾ രജിസ്റ്റർ ചെയ്യുന്നതിനോടൊപ്പം പ്രൊഫഷണൽ കോളേജുകൾ, സർവ്വകലാശാലകൾ, അനുബന്ധ സ്ഥാപനങ്ങൾ, തിയേറ്ററുകൾ, പാർക്കുകൾ, റെയിൽവേ സ്റ്റേഷനുകൾ, ബസ് സ്റ്റാന്റുകൾ തുടങ്ങിയ സ്ഥലങ്ങളിൽ നിരീക്ഷണത്തിനായി നാർക്കോട്ടിക് സെൽ/ഷാഡോ പോലീസ് വിഭാഗത്തിലെ പോലീസ് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി സ്പെഷ്യൽ ഡ്രൈവ് നടത്തിയും പോലീസ് സ്റ്റേഷനുകളിൽ സ്പെഷ്യൽ ടീം രൂപീകരിച്ചും ഇത്തരം ഉൽപ്പന്നങ്ങളുടെ വിൽപനക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | ലഹരിമരുന്നുകളുടെ വിപണനകേന്ദ്ര ങ്ങളായി മെഡിക്കൽസ്റ്റോറുകൾ മാറു ന്നുവെന്ന വസ്തുത ശ്രദ്ധയിൽ പ്പെട്ടിട്ടു ണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട് എത്ര മെഡിക്കൽ സ്റ്റോറു കൾക്കെതിരെ എന്തൊക്കെ നട പടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാ ക്കുമോ; | (സി) | ഇല്ല |
| (ഡി) | നടപടികൾക്ക് വിധേയമായ മെഡി ക്കൽസ്റ്റോറുകൾക്ക് പോലീസ്വകുപ്പ് ഇപ്പോൾ പ്രവർത്തനാനുമതി നൽകി യിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്ത മാക്കുമോ; | (ഡി) | ബാധകമല്ല. |
| (ഇ) | നാളിതുവരെ ക്ലീൻകാമ്പസ് സേഫ്കാമ്പസ് പദ്ധതിയുമായി ബന്ധ പ്പെട്ട് എത്രറെയ്ഡുകൾനടത്തി; എത്രപേരെ അറസ്റ്റുചെയ്തുവിട്ടയച്ചു; എത്രതുകയുടെ ലഹരിവസ്തുക്കൾ കണ്ടെടുത്തു; എത്രതുക പിഴയിനത്തിൽ ഈടാക്കി; എത്രപേർ ജയിലിലുണ്ട്; വിശദാംശം വ്യക്തമാക്കുമോ? | (ഇ) | വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| Sl. No. | District | No. of Raid | No. of Arrested | No. of Released | Estimated Amount of Seized items | Fine imposed | No.pf persons in jail |
|---|---|---|---|---|---|---|---|
| 1 | TVPM CITY | 165 | 45 | 41 | 9,940 | Pending trial | 4 |
| 2 | TVPM RL | 300 | 59 | 59 | 5,32,850 | Pending trial | 0 |
| 3 | KLM CITY | 1,016 | 73 | 73 | 51,200 | Pending trial | 0 |
| 4 | KLM RL | 400 | 154 | 154 | 61,570 | Pending trial | 0 |
| 5 | ALPY | 829 | 101 | 101 | 74,486 | Pending trial | 0 |
| 6 | IDK | 761 | 102 | 102 | 91,265 | Pending trial | 0 |
| 7 | KTM | 1.201 | 132 | 132 | 2,65,387 | Pending trial | 0 |
| 8 | PTA | 1,165 | 127 | 127 | 74,770 | Pending trial | 0 |
| 9 | EKM CITY | 253 | 122 | 114 | 1,59,306 | 5300 | 8 (NDPS Cases) |
| 10 | EKM RL | 287 | 58 | 57 | 40,323 | Pending trial | 1 |
| 11 | TSR CITY | 250 | 103 | 103 | 2,20,000 | Pending trial | 0 |
| 12 | TSR RL | 307 | 92 | 92 | 88,825 | 9,600 | 0 |
| 13 | PKD | 594 | 39 | 39 | 26,000 | Pending trial | 0 |
| 14 | MPM | 245 | 40 | 40 | 22,215 | Pending trial | 0 |
| 15 | KKD CITY | 296 | 59 | 59 | 26,150 | Pending trial | 0 |
| 16 | KKD RL | 122 | 14 | 14 | 21,176 | Pending trial | 0 |
| 17 | WYND | 253 | 56 | 56 | 57,390 | 10,500 | 0 |
| 18 | KNR | 163 | 30 | 30 | 31,226 | Pending trial | 0 |
| 19 | KSGD | 25 | 16 | 16 | 38,630 | 1,60,000 | 0 |
| Total | | 8,632 | 1,422 | 1,409 | 18,92,709 | 1,85,400 | 13 |

സെക്ഷൻ ഓഫീസർ